(പകർപ്പ് അനുബന്ധം 1-ൽ കാണുക)

(ഇ) ഉണ്ട്.

വിശദീകരണക്കുറിപ്പ് 2 കാണുക.

(എഫ്) ഉണ്ട്.

വിശദീകരണക്കുറിപ്പ് 3 കാണുക.

(ജി) ലക്ഷ്യമിടുന്നുണ്ട്.

വിശദീകരണക്കുറിപ്പ് 4 കാണുക.

13 (*43) ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റ്

ശ്രീ. എം. മുരളി :
ശ്രീ. പാലോട് രവി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. പി.ജെ. ജോയി :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രൈബൽ മെഡിക്കൽ മൊബൈൽ യൂണിറ്റിന് ഒരു വർഷം മരുന്ന് വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണ്;

(ബി) ഈ തുക പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനത്തിന് പര്യാപ്തമാണോ;

(സി) ഈ യൂണിറ്റിന് ഏതെല്ലാം ജില്ലകളിൽ പ്രവർത്തനം നടത്തേണ്ടതുണ്ട്:

(ഡി) ഡീസൽ ഉപയോഗിക്കുന്നതിൽ ഇവർക്ക് നിയന്ത്രണം ഉണ്ടോ;

(ഇ) ഈ യൂണിറ്റ് ഒരിക്കൽ സന്ദർശിക്കുന്ന കോളനിയിൽ വീണ്ടും എത്ര ദിവസം കഴിഞ്ഞാണ് എത്തിച്ചേരുന്നത്;

(എഫ്) ഈ യൂണിറ്റ് എത്തിച്ചേരുന്ന സ്ഥലങ്ങളിൽ ഗുരുതരമായ രോഗം ബാധിച്ചവർക്ക് രോഗബാധ ഒഴിയുന്നത് വരെ പരിചരണം നൽകാൻ എന്തെല്ലാം ഏർപ്പാടുകൾ ഉണ്ട് എന്ന് വിശദമാക്കുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ)

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഓരോ മെഡിക്കൽ മൊബൈൽ യൂണിറ്റുകൾക്ക് മരുന്ന് വാങ്ങുന്നതിന് ഒരുവർഷം 20,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ മരുന്ന് വാങ്ങുക, മെഡിക്കൽ ക്യാംമ്പ് നടത്തുക, ഡയറ്റ് വിതരണം ചെയ്യുക എന്നിവയ്ക്കായി ആരോഗ്യ വകുപ്പ് 2 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) മരുന്നിന്റെ വില വർദ്ധന കണക്കിലെടുക്കുമ്പോൾ ഈ തുക അപര്യാപ്തമാണ്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ രണ്ടും ആരോഗ്യവകുപ്പിൻ കീഴിൽ പതിനൊന്നും മെഡിക്കൽ മൊബൈൽ യൂണിറ്റുകളാണുള്ളത്.

ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	എം.എം.യു
തിരുവനന്തപുരം	
കൊല്ലം.	എം.എം.യു. നെടുമങ്ങാട്
പത്തനംതിട്ട	
ഇടുക്കി	" " തൊടുപുഴ
പാലക്കാട്	" " 1. അഗളി
പാലക്കാട്	" " 2. അഗളി
മലപ്പുറം	മൊബൈൽ ഡിസ്പെൻസറി, നിലംബൂർ
വയനാട്	" " കല്പറ്റ
വയനാട്	" " വൈത്തിരി
വയനാട്	" " അംബലവയൽ
വയനാട്	" " സുൽത്താൻ ബത്തേരി
വയനാട്	" " മാനന്തവാടി
കണ്ണൂർ	" " തളിപറംമ്പ്
കാസർഗോഡ്	" കാസർഗോഡ്
ഇടുക്കി	" " അടിമാലി

(ഡി) ഉണ്ട്.

(ഇ) ഒരു നിശ്ചിതസമയത്തേക്കുള്ള മുൻകൂർ പരിപാടി തയ്യാറാക്കിയാണ് കോളനികൾ സന്ദർശിക്കുന്നത്. എങ്കിലും കുറഞ്ഞത് മാസത്തിൽ ഒന്നിലധികം തവണ സന്ദർശനം നടത്തിവരുന്നുണ്ട്.

(എഫ്) ഗുരുതരമായ രോഗം ബാധിച്ചവരെ ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികളിൽ എത്തിച്ച് രോഗം കുറയുന്നതുവരെ ചികിത്സ നടത്തിവരുന്നു.

14 (*44) നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവരെപ്പറ്റി പഠനം

ശ്രീ. എളമരം കരീം :

ശ്രീ. എ. കണാരൻ :

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവരെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ ഇതിനകം എത്ര ലക്ഷം തൊഴിലാളികളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly